## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *630 | 24.05.2017 ൽ മറുപടിയ്ക്ക് |
|---|---|

**വനിതാക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കാരാട്ട് റസാഖ്**<br>**,, ജെയിംസ് മാത്യു**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.വി. ജോയി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡനം തടയൽ നിയമം തുടങ്ങിയ നിയമങ്ങളുടെ ഫലപ്രദമായ നിർവഹണം ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് ഏതെല്ലാം തരത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (എ) സ്ത്രീധന സമ്പ്രദായത്തിന്റെ ദൂഷ്യഫലങ്ങളെ സംബന്ധിച്ചും സ്ത്രീധന നിരോധന നിയമത്തിലൂടെ ലഭിക്കുന്ന പരിരക്ഷയെ സംബന്ധിച്ചുമുള്ള അവബോധം യുവജനങ്ങൾക്കിടയിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 44 കോളേജുകളിൽ NSS, NCC, PTA, Women Cell എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. സ്ത്രീധന നിരോധന നിയമത്തിലെ പ്രധാന വ്യവസ്ഥകൾ ആലേഖനം ചെയ്തു കൊണ്ടുള്ള സ്റ്റിക്കർ ലേബൽ കെ എസ് ആർ റ്റി സി യുടെ 2000 ബസുകളിൽ പതിപ്പിക്കുകയുണ്ടായി. 2017-18 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിലെ സ്ത്രീധന നിരോധന ഓഫീസർമാർ മുഖാന്തിരം സ്ത്രീധന നിരോധനം സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിനും സ്ത്രീധന നിരോധന പ്രചാരണ പദ്ധതികൾക്കായി തയ്യാറാക്കിയ പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ ഓഫീസുകളിലും മറ്റ് പൊതു ഇടങ്ങളിലും പതിക്കുന്നതിനുമായി തയ്യാറാക്കിയ പ്രൊപ്പോസലിന് ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.<br><br>ഗാർഹിക പീഡന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് 14 ജില്ലകളിലായി |

| | |
|---|---|
| | 15 ഷെൽട്ടർ ഹോമുകൾ, 14 ജില്ലാ വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാർ, 96 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, 41 ഫാമിലി കൗൺസിലിംഗ് സെന്ററുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു<br>ഗാർഹിക അതിക്രമത്തിനെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും പോസ്റ്ററുകൾ, ലഘുലേഖകൾ എന്നിവ പൊതു സ്ഥലത്ത് ഒട്ടിക്കുകയും വിതരണം ചെയ്യുകയും, ഇത്തരം അതിക്രമങ്ങൾ തുടക്കത്തിൽ കണ്ടെത്തുന്നതിനും ഇടപെടൽ നടത്തുന്നതിനും തടയുന്നതിനുമായി ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡനം നിരോധന നിയമം തുടങ്ങിയ നിയമങ്ങളെ സംബന്ധിച്ച് സമൂഹത്തിന് പ്രത്യേകിച്ച് യുവതലമുറയ്ക്ക് ബോധവത്ക്കരണം നടത്തുന്നതിലേക്ക് എല്ലാ വർഷവും നവംബർ 26-ാം തീയതി സ്ത്രീധന-ഗാർഹിക പീഡന നിരോധന ദിനമായി ആചരിച്ച് വരുന്നു. |
| (ബി) ലിംഗസമത്വവുമായി ബന്ധപ്പെട്ട അവബോധന ക്യാമ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ തുടങ്ങിയവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ലിംഗ സമത്വം, ആൺകുട്ടികളെയും പെൺകുട്ടികളെയും ലൈംഗിക ചൂഷണത്തിൽ നിന്നും സംരക്ഷിക്കുക, സ്ത്രീ സുരക്ഷാ നിയമങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുക എന്നീ വിഷയങ്ങളെ പ്രമേയമാക്കി കേരള ചലച്ചിത്ര അക്കാദമിയുമായി ചേർന്ന് തയ്യാറാക്കുന്ന 'സമന്വയം' എന്ന ഒരു ഡോക്യുഫിക്ഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |
| (സി) വനിതാക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അവലോകനം, പുനരുദ്ധാരണം, അവിടെയുള്ള അന്തേവാസികൾക്കായുള്ള തൊഴിൽ പരിശീലനം, വിദ്യാഭ്യാസ സഹായം എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് | (സി) വനിതാ ക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്ക് ട്യൂഷൻ ഫീസ്, താമസചെലവ്, പഠനോപകരണങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സഹായം, വനിതാ ക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്കും മുൻ അന്തേവാസികൾക്കും തൊഴിൽ പരിശീലനം നൽകുന്നതിനും സ്വയം തൊഴിലിന് |

| | |
|---|---|
| സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ധനസഹായം നൽകുന്നതിനും വിവാഹത്തിനുള്ള ധനസഹായത്തിനും വാർഷിക കൂടിചേരലിനും, ആരോഗ്യ ചെലവുകൾക്കും ഉൾപ്പെടെ സ്ത്രീ ശാക്തീകരണ പരിപാടികളിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നിർഭയ പദ്ധതിയുടെ ഭാഗമായി സ്കൂൾ/കോളേജ് കേന്ദ്രീകരിച്ച് ജെൻഡർ അവബോധ പരിപാടികൾ നടത്തുന്നുണ്ട്. ലിംഗസമത്വത്തെക്കുറിച്ചും വകുപ്പ് നടപ്പാക്കുന്ന സ്ത്രീ സുരക്ഷാ നിയമങ്ങളെക്കുറിച്ചും അവബോധപരിപാടികൾ, ജെൻഡർ അടിസ്ഥാനമാക്കിയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ആക്ഷൻ പ്ലാൻ രൂപീകരണം എന്നിവയുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ